വ്യാജ കഞ്ചാവ് കേസിൽപ്പെടുത്താൻ ഗൂഢാലോചന നടത്തിയ കേസ്

141 (4476) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ, കഞ്ചാവ് കൈവശം വച്ചെന്ന വ്യാജേന കേസിൽപെടുത്താൻ ഗൂഢാലോചന നടത്തിയ സംഭവത്തിൽ കേസ് എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണ് എന്നറിയിക്കുമോ ;

(സി) എത്ര പേരെയാണ് ഈ കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ളത്;

(ഡി) 31704/SSA1/2012/Home ഫയലിൽ പോലീസ് വകുപ്പിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം തീയതികളിലാണ് കത്തയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണന്ന് വശദമാക്കാമോ ;

(എഫ്) പ്രസ്തുത കേസ് ക്രൈംബ്രഞ്ചിന് വിടണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്;

(ജി) എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 1. മുഹമ്മദ് ഹനീഫ @ കുട്ടാപ്പു S/o. ഇബ്രാഹിം,

2. ഷാഹുൽ ഹമീദ് S/o. മുഹമ്മദ്,

3. എം. നാസർ S/o. അഹമ്മദ് കുട്ടി ഹാജി,

4. റഫീക്ക് @ ഷെഫീക്ക് S/o. അബ്ദുൾ റഹിമാൻ എന്നീ 4 പേർ പ്രതികളാണ്.

(സി) ഇതിൽ ഒന്നാം പ്രതി ഒഴികെ ബാക്കിയുള്ള 3 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒന്നാം പ്രതി വിദേശത്തായതിനാൽ ടിയാനെ കണ്ടുപിടിക്കാൻ ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 18-4-2012-ലെ 31704/എസ്.എസ്.എ.1/2012/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ശ്രീ. കെ. അബ്ദു റഹ്മാൻ ഹാജിയുടെ പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചുകൊടുത്തിരുന്നു. തുടർന്ന് 11-9-2013, 29-10-2013, 24-2-2015, 9-6-2015 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പ് അയച്ചിരുന്നു.

(ഇ) ഇതുസംബന്ധിച്ച റിപ്പോർട്ട് പോലീസ് ആസ്ഥാനത്ത് പരിശോധനയിലാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) പ്രസ്തുത ആവശ്യത്തിന്മേൽ തേടിയ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

വ്യവസായ സുരക്ഷാസേനയുടെ പ്രവർത്തനം

142 (4477) ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സുരക്ഷാ സേനയുടെ പ്രവർത്തനത്തിന് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(സി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ 19-ഓളം സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളുടെ കറൻസി ചെസ്റ്റുകൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ മലബാർ സിമന്റ്സ്, ദൂരദർശൻ കേന്ദ്രം, ആൾ ഇന്ത്യ റേഡിയോ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, സ്വകാര്യ സ്ഥാപനങ്ങളായ നിറ്റാ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡ്, ഇൻഫോ പാർക്ക് കൊച്ചി എന്നിവ നിലവിൽ എസ്.ഐ.എസ്.എഫ്. സുരക്ഷ ലഭിക്കുന്നതിനായി നവീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly